# കിഴുവിലം കുടുംബശ്രീ

## ആമുഖം

കോവിഡ് 19 മഹാമാരി ഓരോ മനുഷ്യനേയും മൃഗങ്ങളേയും പക്ഷികളെയും ജീവജാലങ്ങളേയും സ്പർശിക്കുന്നു. ഈ കോവിഡ് 19 കാലത്ത് പ്രളയം സംഭവിച്ചതിന്റെ പതിന്മടങ്ങ് ദുരിതമാണ് അനുഭവിക്കുന്നത്. കോവിഡ് 19 എന്ന മഹാമാരിയെ ചെറുക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ലോക്ഡൗൺ മൂലം ഉണ്ടാകുന്ന തൊഴിൽ നഷ്ടവും അതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടവും പ്രതിരോധിക്കാൻ കുടുംബശ്രീയുമായി നടത്തിയ പ്രവർത്തനങ്ങൾ സമൂഹത്തിൽ എടുത്ത് പറയേണ്ടവയാണ്. ലോക്ഡൗൺ കാലയളവിൽ കുടുംശ്രീയിലൂടെ വിവിധ പദ്ധതികളിൽ കുടുംശ്രീ വനിതകളെ ഭാഗമാ ക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിലൂടെ സമൂഹത്തിലെ ഓരോ കുടുംബത്തിലേയും സാമ്പത്തിക നഷ്ടം ഒരു പരിധിവരെ പ്രതിരോധി ക്കാൻ കഴിഞ്ഞിട്ടുണ്ട്.

ചിറയിൻകീഴ് ബ്ലോക്കിൽ ഉൾപ്പെട്ട കിഴുവിലം ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലുമായി 314 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ കിഴുവിലം കുടുംബശ്രീ സി.ഡി.എസിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു. ബാലസഭ, വയോജന അയൽക്കൂട്ടങ്ങൾ, സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ, ചെറുകിട സംരംഭ യൂണിറ്റുകൾ, കുത്തരി യൂണിറ്റ്, കാറ്ററിംഗ് യൂണിറ്റ്, തയ്യൽ യൂണിറ്റ്, ജെ.എൽ.ജി: പ്ലാന്റ് നെഴ്സറി, തുണിസഞ്ചി നിർമ്മാണ യൂണിറ്റ് എന്നിവയും പ്രവർത്തന മികവോടെ മുന്നേറുന്നു.

സി.ഡി.എസ് തല വാട്ട്സാപ്പ് ഗ്രൂപ്പ്, 20 വാർഡുകളിലും എ.ഡി.എസിന്റെ വാട്ട്സാപ്പ് ഗ്രൂപ്പുകൾ, മുഴുവൻ അയൽക്കൂട്ടങ്ങൾക്കും വാട്ട്സാപ്പ് ഗ്രൂപ്പുകൾ എന്നിവ രൂപീകരിച്ചിരു ന്നതിനാൽ സർക്കാർ തല സന്ദേശങ്ങൾ കുടുംബശ്രീ ജില്ലാമിഷൻ സന്ദേശങ്ങൾ എന്നിവ ലോക്ഡൗൺ കാലത്തെ അതിജീവിച്ച് താഴെ തട്ടിൽ എത്തിക്കുവാൻ കഴിഞ്ഞു. ലോക്ഡൗൺ തുടങ്ങുന്നതിന് മുൻപുതന്നെ പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ വിളിച്ചുചേർത്ത് ബ്രേക്ക് ദി ചെയിൻ ക്യാമ്പയിനെ കുറിച്ച് ബോധവൽ ക്കരണം നടത്തി

കിഴുവിലം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസിൽ മാർച്ച് 25 ന് അടിയന്തിര സി.ഡി.എസ്. മീറ്റിംഗ് കൂടുകയും കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനെ ക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. മാർച്ച് 26 മുതൽ കഫേ കുടുംബശ്രീ തദ്ദേശ സ്വയംഭരണ സ്ഥാപ നത്തിന്റെ സഹായത്തോടെ കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനം ആരംഭിച്ചു. ഏപ്രിൽ 14 വരെ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചു. ദിവസേന 250 സൗജന്യ ഭക്ഷണപ്പൊതികൾ കുടുംബശ്രീ പ്രവർത്തകർ മുഖേന അർഹരായവർക്ക് എത്തിക്കാൻ കഴിഞ്ഞു. സമൂഹത്തിൽ ഒറ്റപ്പെട്ടു പോയവരും ആരും നോക്കാനില്ലാതെ കഷ്ടത അനുഭവിക്കുന്നവരും ആരും പട്ടിണി കിടക്കരുത് എന്ന സർക്കാരിന്റെ മുദ്രാവക്യം മുഖവിലക്കെ ടുത്ത് സി.ഡി.എസിന്റെ പ്രവർത്തനം എല്ലായിടത്തും എത്തിക്കാൻ കഴിഞ്ഞു . കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും ഭക്ഷണം ലഭിക്കാത്തവർക്ക് വീടുകളിൽ നിന്നും നൽകി. അതോടൊപ്പം തന്നെ ജനകീയ ഹോട്ടലിന്റെ പ്രവർത്തനം ആരംഭിക്കുവാനും കഴിഞ്ഞു. ഏപ്രിൽ 15 ന് ജനകീയ ഹോട്ടൽ പ്രവർത്തനം ആരംഭിച്ചു. 20 രൂപ നിരക്കിൽ ദിവസേന 150 ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുന്നു.

**സംഘടന**

ത്രിതല സംഘടനാപ്രവർത്തനത്തിന്റെ ഭാഗമായി ലോക്ഡൗൺ സമയത്ത് എല്ലാ എ.ഡി.എസ്, അയൽക്കൂട്ടതലത്തിൽ വാട്ട്സാപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയാണ് ആദ്യം ചെയ്തത്. ഇതുവഴി ലോക്ഡൗൺ കാലത്തെ സി.ഡി.എസ് പ്രവർത്തനം വളരെ വേഗത്തിൽ നടത്താൻ കഴിഞ്ഞു എന്നത് പ്രവർത്തനനേട്ടത്തിൽ എടുത്തുപറയത്തക്ക ഒന്നാണ്. സി.എം.എച്ച്.എൽ.എസ് വായ്പ പദ്ധതി അനായാസേന ഗ്രൂപ്പുകൾ വഴി അറിയിക്കാൻ കഴിഞ്ഞു 314 അയൽക്കൂട്ടങ്ങളിൽ 232 അയൽക്കൂട്ടങ്ങൾ ഈ വായ്പക്ക് അർഹത നേടുകയും ഈ അയൽക്കൂട്ടങ്ങളിൽ നിന്നും അപേക്ഷ സ്വീകരിക്കുകയും 109 അപേക്ഷകൾ വിവിധ ബാങ്കുകളിലായി നൽകുയും 4 അയൽക്കൂട്ട ങ്ങൾക്ക് 4,70,000/- രൂപ ലഭിക്കുകയും ചെയ്തു.

**ME**

തയ്യൽ യൂണിറ്റുകൾ തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ എന്നിവയ്ക്ക് മാസ്ക്, തുണി സഞ്ചി എന്നി തയ്ക്കുന്നതിനുവേണ്ടി ഗ്രൂപ്പുകൾക്ക് അറിയിപ്പ് നൽകി. ജില്ലാമിഷനിൽ നിന്നും മാസ്ക് നിർമ്മാണ ത്തിന് ആവശ്യമായ തുണികൾ ലഭിക്കാത്ത സാഹചര്യത്തിൽ യൂണിറ്റുകൾ സ്വന്തമായി തുണിവാങ്ങി മാസ്ക് നിർമ്മിച്ചു നൽകി. കൂടാതെ സി.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് വയോജനങ്ങൾക്കും എ.ഡി.എസ് പ്രവർത്തകർക്കും മാസ്ക് വാങ്ങി വിതരണം ചെയ്തു. തയ്യൽ യൂണിറ്റിൽ നിന്നും ഗ്രാമ പഞ്ചായത്തിലേയ്ക്കും തൊഴിലുറപ്പ് തൊഴിലാളികൾക്കും വിവിധ സംഘടനകളിലേയ്ക്കും റെസിഡൻസ് അസോസിയേഷൻ സഹകരണ സംഘം തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്കും മാസ്ക്കുകൾ വിതരണം ചെയ്തു.12,5000 മാസ്ക്കുകൾ കുടുംബശ്രീ തയ്യൽ യൂണിറ്റുകൾ നിർമ്മിച്ച് വിതരണം ചെയ്തു അതോടൊപ്പം ഡി.എഫ്.കെ അംഗങ്ങൾക്ക് തുണിസഞ്ചി വിതരണം ചെയ്തു.

## JLG

കോവിഡ് 19 നെ തുടർന്നുള്ള ലോക്ഡൗൺ കാലയളവ് സംഘകൃഷി ഗ്രൂപ്പുകൾക്ക് വലിയ വെല്ലുവിളികൾ നിറഞ്ഞതാണ്. തങ്ങൾ ഉൽപാദിപ്പിച്ച വിളകൾക്ക് മികച്ച വിപണി ലഭിക്കാത്തതിനാൽ പലരും ഏറെ ബുദ്ധിമുട്ടുന്നു. ചില ഗ്രൂപ്പുകൾക്ക് പ്രാദേശിക വിപണിയിലും തൊട്ടടുത്ത വീടുകളിലു മൊക്കെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്താൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിച്ച കമ്മ്യൂണിറ്റി കിച്ചണിൽ 15 സംഘ കൃഷി ഗ്രൂപ്പുകൾ സംഭാവനയായി പച്ചക്കറി കളും മറ്റു കാർഷിക വിളകളും 750 ഗഴ. നൽകി. ഈ ലോക്ഡൗൺ കാലത്ത് കാർഷിക പ്രവർത്തനത്തിലൂടെ വിരസത അകറ്റുന്നതിനും വീട്ടിലേയ്ക്ക് ആവശ്യമായ പച്ചക്കരികൾ ഉൽപാദിപ്പിക്കുന്നതിനുവേണ്ടിയുള്ള കാർഷിക മത്സരത്തിൽ കിഴുവിലം സി.ഡി.എസിലെ ഭൂരിപക്ഷ അയൽക്കൂട്ടങ്ങളും അടുക്കള ത്തോട്ടം, മൈക്രോഗ്രീൻ കൃഷി എന്നിവയിൽ പങ്കാളികളായി. ആദ്യം തന്നെ അടുക്കളത്തോട്ടം, മൈക്രേ ഗ്രീൻ കൃഷി എന്നിവയ്ക്ക് വേണ്ടിയുള്ള

വാട്ട്സാപ്പ് കൂട്ടായ്മ ആരംഭിക്കുകയും ഇതിൽ പങ്കെടുക്കുന്ന തിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഗ്രൂപ്പിലൂടെ നൽകുകയും ചെയ്തു. മാത്രമല്ല ഓരോ അംഗങ്ങളും കൃഷി പ്രാരംഭഘട്ടം മുതലുള്ള ഫോട്ടോകളും, വീഡിയോകളും ഗ്രൂപ്പിൽ ഷെയർ ചെയ്തു. കിഴുവിലം സി.ഡി.എസിലെ 20 വാർഡിലെ അംഗങ്ങൾ പങ്കെടുത്തു.അതിൽ ഏകദേശം അംഗങ്ങളും നല്ല രീതിയിൽ കൃഷി ചെയ്യുന്നു. ഇതിൽനിന്നും വിജയിയേ കണ്ടെത്തുക ശ്രമകരമാണ്. ഇതുവരെ 200 അംഗങ്ങളുടെ ഫോട്ടേ ഗ്രൂപ്പിൽ ഷെയർ ചെയ്തു കഴിഞ്ഞു. ഈ കോവിഡ് കാലം കുടുംബശ്രീ അംഗങ്ങൾ ഉത്സാഹത്തോടെ കൃഷി ചെയ്യുകയും തങ്ങളുടെ കുടുംബത്തിനു ആവശ്യമായ പച്ചക്കറികൾ തങ്ങളുടെ വീട്ടുവളപ്പിൽ തന്നെ ഉൽപ്പാദിപ്പിക്കു ന്നതിനും ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിനും നമുക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**<u>വയോജനങ്ങളും ബാലസഭാ പ്രവർത്തനങ്ങളും</u>**

ബാലസഭ, വയോജനങ്ങൾ എന്നിവരുടെ സർഗവാസന വെളിപ്പെടുവാൻ കോവിഡ് കാലം സഹായകരമായി അവരുടെ സൃഷ്ടികൾ (ചിത്രങ്ങൾ, കവിതകൾ, പെയിന്റിംഗുകൾ) സിഡിഎസിന്റെ വാട്ട്സാപ്പ് ഗ്രൂപ്പുവഴി എല്ലാവരിലും എത്തുകയും അതവർക്കൊരു പ്രോത്സാഹനമായി മാറുകയും ചെയ്തു. അടുക്കളത്തോട്ട മത്സരത്തിലും വയോജനങ്ങൾ പങ്കാളികളായി. ഇടവിട്ടുള്ള ദിവസങ്ങളിൽ വയോജനങ്ങളെ ഫോൺ മുഖേന ബന്ധപ്പെടുകയും അവരുടെ ആരോഗ്യ സ്ഥിതി ഭക്ഷണകാര്യങ്ങൾ എന്നിവയെ കുറിച്ച് അന്വേഷിക്കുകയും ചെയ്തു. അവർക്കുവേണ്ട മാനസിക പിൻതുണ നൽകുന്നതിൽ കിഴുവിലം കുടുംബശ്രീ കൂട്ടായ്മ മുൻനിരയിൽ ഉണ്ടായിരുന്നു. ബാലസഭയുടെ ആന്റിഡ്രക്ക് കുട്ടികൾക്ക് കോവിഡ് 19 ന്റെ നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ട് പ്ലക്കാർഡ്, പോസ്റ്ററുകൾ ക്രോഡീകരിച്ച് അവധിക്കാലത്തെ കോവിഡ് നിർദ്ദേശങ്ങൾ എന്നത് രൂപീകരിച്ചു. കട്ടികളിൽ കടങ്കഥകൾ, കലാപ്രഘടനം, ചിത്രരചന എന്നിവ വാർഡുതലത്തിൽ ഏകീകരിച്ചു. പാഴ് വസ്തുക്കൾ ഉപയോഗിച്ച് കൗതുക വസ്തുക്കൾ നിർമ്മിച്ചു.

**<u>വിവിധ വകുപ്പുമായി ചേർന്നുള്ള പ്രവർത്തനം</u>**

ആരോഗ്യ പ്രവർത്തകരുമായി ചേർന്ന് കോവിഡ് 19 ൽ നാം പാലിക്കേണ്ടതും ജീവിതത്തിൽ ചെയ്യേണ്ടതുമായ കാര്യങ്ങളിൽ അവബോധനം നടത്തി. ആരോഗ്യ ബോധവൽക്കരണം ശുചീകരണ പ്രവർ ത്തനം എന്നിവയിലും കുടുംബശ്രീ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് വളരെ മെച്ചപ്പെട്ട പ്രവർത്തനം നടത്തി. ക്വാറന്റയിനിൽ കഴിയുന്ന ആളുകൾക്ക് വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനും ആരോഗ്യ പ്രവർത്തകരോടൊപ്പം കുടുംബശ്രീ പ്രവർത്തകരും ഏർപ്പെട്ട്.

**<u>പോലീസ്</u>**

______പോലീസിന്റെ പ്രവർത്തനം കമ്മ്യൂണിറ്റി കിച്ചണിലും, റേഷൻകടകളിലും മാവേലി സ്റ്റോറുകളിലും തിരക്ക് നിയന്ത്രിക്കുന്നതിന് സഹായകമായി.

**<u>പ്രത്യേക ഇടപെടലുകൾ</u>**

എല്ലാമേഖലകളിലും പ്രത്യേക ഇടപെടലുകൾ നടത്താൻ കുടുംബശ്രീക്ക് കഴിഞ്ഞു. സ്നേഹിത കോളിംഗ് ബെൽ ഗുണഭോക്താക്കൾക്ക് ഭക്ഷണം, മരുന്ന് എന്നിവ എത്തിക്കുന്നതിനും റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യകിറ്റിന്റെ പാക്കിംഗിനും കുടുംബശ്രീ അംഗങ്ങൾ പങ്കെടുത്തു. കമ്മ്യൂണിറ്റി കിച്ചണിൽ ഭക്ഷണം പാകം ചെയ്യുന്നതിനും അർഹതപ്പെട്ടവരുടെ വീടുകളിൽ എത്തിക്കുന്നതിനും കുടുംബശ്രീ പ്രവർത്തകൾ സന്നദ്ധരായി. പക്ഷികൾ മൃഗങ്ങൾ തുടങ്ങിവയ്ക്ക് ഭക്ഷണം വെള്ളം ഇവ നൽകുന്നതിന് അയൽക്കൂട്ട പ്രവർത്തകർക്ക് സി.ഡി.എസിൽ നിന്നും നിർദ്ദേശം നൽകുകയും അവ നടപ്പിലാക്കുകയും ചെയ്തു.

**<u>കോവിഡ് കാലത്ത് കുടുംബശ്രീ ഭാവി പ്രവർത്തനം</u>**

സുഭിക്ഷം പദ്ധതിയുടെ പരാമവധി പ്രയോജനങ്ങൾ അയൽക്കൂട്ട കുടുംബങ്ങൾ എത്തിക്കുകവഴി ഭാവിയിലെ ഭക്ഷ്യ ക്ഷാമം ഒഴിവാക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്. കാലാവസ്ഥ വ്യതിയാനം അനുസരിച്ചുണ്ടാകുന്ന പകർച്ച വ്യാധികൾ, പരിസര സുചിത്വം, രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള മുൻകരുതലുകൾ തുടങ്ങിയ ആരോഗ്യപരമായ

കാര്യങ്ങൾ അയൽക്കട്ട യോഗങ്ങളിൽ കർശനമായി ചർച്ചചെയ്യപ്പെടേണ്ടതാണ്. പ്രകൃതി സംരക്ഷണത്തെക്കുറിച്ചുള്ള മാർഗ നിർദ്ദേശങ്ങൾ ബാല സഭാ കുട്ടികളെ അയൽക്കുട്ട യോഗങ്ങളിൽ പങ്കെടുപ്പിച്ച് മുതിർന്നവർക്ക് ബോധവൽക്കരണം നടത്താവുന്നതാണ്.

‘‘ “സ്ത്രീകളിലൂടെ കുടുംബത്തിലേയ്ക്ക് കുടുബത്തിലൂടെ സമൂഹത്തിലേയ്ക്ക്”’എന്ന ആപ്ത വാക്യത്തിലൂടെയാണ് നാളിതു വരെയുള്ള കുടുംബശ്രീ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. കോവിഡ് കാലത്ത് മാത്രമല്ല ഏതു പ്രതിസന്ധി ഘട്ടങ്ങളിലും താങ്ങായും തണലായും കുടുംബശ്രീ പ്രവർത്തകർ നാടിനൊപ്പമുണ്ട്.

**സി.ഡി.എസ്. ചെയർപേഴ്സൺ**
**കിഴുവിലം**
**ഷീജ.കെ.എസ്**
**ഫോൺ: 8086887073**

**ബി.സി**
**വിൻസി.വി.എസ്.**
**ഫോൺ: 9846901631**